**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4565** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി ജീവനക്കാരുടെ റെഗുലറൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 1999-2003 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ.ഉ.(പി) നം.40/13/സാ.നീ.വ. തീയതി: 18.05.2013 പ്രകാരം താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് നിയമസഭാ കമ്മിറ്റിയുടെ ഏതെങ്കിലും ശിപാർശ സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സ്ഥിരജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും സൂപ്പർന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്തു. ആയത് പരിശോധിച്ച് വരുന്നു. |
| (ബി) | ഇതുസംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ എന്തെങ്കിലും ശിപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ശുപാർശ നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം) |
| (സി) | ഭിന്നശേഷി ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ സാമൂഹ്യ നീതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഈ വിഷയം D1/65/2018/SJD ഫയലിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി : 22/12/2020
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

സെക്രട്ടറി,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ റഗുലറൈസേഷൻ സംബന്ധിച്ച്.

സൂചന :- 1).04/07/2005 ലെ GO(MS)No.94/2005/SWD നമ്പർ സർക്കാർ ഉത്തരവ്.
2). 18/05/2013 ലെ സ.ഉ.(പി) നമ്പർ 40/13/സാനീവ നമ്പർ സർക്കാർ ഉത്തരവ്.
3). 24/01/2011 ലെ GO(P)No.07/2011/SWD നമ്പർ സർക്കാർ ഉത്തരവ്.
4). 10/02/2020 ലെ എക്സ്പേർട്ട് കമ്മിറ്റി തീരുമാനം

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിശ്ചിത നിബന്ധനകൾ പാലിച്ചുകൊണ്ട് 15/08/1998 മുതൽ 15/08/1999 വരെ ജോലി ചെയ്തുവന്നവരെ സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിരുന്നു. 16/08/1999 മുതൽ 31/12/2003 വരെ അതേ നിബന്ധനകളിൽ ജോലി ചെയ്തിരുന്നവരെ സൂചന (2) ഉത്തരവിൻ പ്രകാരം സൂപ്പർന്യൂമററി തസ്തികയിലും നിയമിച്ചിരുന്നു. ഇതിൽസൂചന ഒന്നു പ്രകാരം നിയമനം ലഭിച്ച വർക്ക് സർക്കാർ സർവ്വീസിലെ സേവന വേതന വ്യവസ്ഥകൾ പൂർണമായും ലഭിക്കുന്നുണ്ട്. എന്നാൽ സൂചന രണ്ട് പ്രകാരം സൂപ്പർന്യൂമററിയായി നിയമനം ലഭിച്ചവർക്ക് പ്രൊമോഷനോ സീനിയോറിറ്റിയോ ലഭിക്കുന്നില്ല. ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ സർവ്വീസ് റെഗുലറൈസ് ചെയ്യുകയോ ചെയ്യുന്നില്ല. ഒരേ അവസ്ഥയിലുള്ളവരുടെ വ്യത്യസ്ത കാലഘട്ടത്തിലെ നിയമനം മൂലം ജോലിയിലെ സ്ഥിരതയില്ലായ്മ പരിഹരിക്കുന്നതിനായി ഇവരുടെ സർവ്വീസ് റഗുലറൈസ് ചെയ്യണമെന്നാണ് ആവശ്യം.

2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ 2185 തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്. 10/2/2020 ന് ചേർന്ന എക്സ്പർട്ട് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും ഇപ്രകാരം നിയമനം ലഭിച്ചവരുടെ കാറ്റഗറി അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിനും ഇതു സംബന്ധിച്ച് വ്യക്തമായ പ്രോപ്പോസലുകൾ സമർപ്പിക്കുന്നതിനും SJD ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പുനർനിയമനം ലഭിച്ചവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ പലരും വിരമിച്ചിട്ടുള്ളതും മറ്റു ജോലികൾ ലഭ്യമായി പോയിട്ടുള്ളതുമാണ്. നിലവിൽ ഇപ്രകാരം നിയമനം റെഗുലറൈസ് ചെയ്യേണ്ടവരുടെ എണ്ണം ലഭ്യമാകണമെങ്കിൽ ഈ ലിസ്റ്റ് വകുപ്പ് തിരിച്ച് അതാത് വകുപ്പുകൾക്ക് അയച്ചു നൽകി പ്രോഫോർമ പൂർണ്ണമാക്കി

വങ്ങേണ്ടതുണ്ട്. മറ്റ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി പ്രോഫോർമ ഫിൽ ചെയ്ത് ലഭ്യമാക്കുന്നതിനു സർക്കാർ തലത്തിൽ വിവിധ വകുപ്പുകളിലെയ്ക്ക് അറിയിപ്പ് നൽകുന്നതായിരിക്കും ഉചിതം. ഇവരുടെ പരാതി പരിഹരിക്കുന്നതിന് നടപ്പിലാക്കാൻ കഴിയാവുന്ന പ്രൊപ്പോസലുകൾ ചുവടെ ചേർക്കുന്നു

1. സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ച ജോലി ചെയ്തു വരുന്നവരെ അതതു വകുപ്പുകളിൽ പുതിയതായി തസ്തിക സൃഷ്ടിച്ചു ക്രമീകരിക്കാവുന്നതാണ് ഇവരിൽ ധാരാളം പേർ പെൻഷൻപറ്റി പോവുകയും മറ്റ് പി എസ് സി നിയമനം ലഭിച്ച് പോവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വളരെ കുറച്ചുപേർ മാത്രമേ ഇത്തരത്തിൽ നിയമനം ലഭിക്കാനായി കാണുകയുള്ളൂ ഒരു നിശ്ചിത തീയതി വച്ച് സ്ഥിരപ്പെടുത്താവുന്നതാണ്.

2. സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ച ജോലി ചെയ്തു വരുന്നവരെ ഇനി പി എസ് സി മുഖേന അതതു വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്യാനുള്ള അതത് തസ്തികകളുടെ ഒഴിവുകളിൽ ക്രമീകരിക്കുന്നതും പരിഗണിക്കാവുന്നതാണ്

വിശ്വസ്തതയോടെ,

For സാമൂഹ്യ നീതി ഡയറക്ടർ

K. GEETHA
Administrative Officer
Directorate of Social Justice
Vikas Bhavan
Thiruvananthapuram-33
[41970]